**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3109** **07-10-2025 - ൽ മറുപടിയ്ക്ക്**

**അമൃത് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നഗരസഭകളിൽ അമൃത് പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച കുടിവെള്ള പദ്ധതി ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ പ്രധാന നഗരങ്ങളിലും ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിന് വേണ്ടി നടപ്പിലാക്കി വരുന്ന കേന്ദ്ര-സംസ്ഥാന സംയോജിത പദ്ധതിയായ അമൃത് 1.0,അമൃത് 2.0 എന്നിവ കേരളത്തിൽ പ്രധാനമായും കേരള വാട്ടർ അതോറിറ്റി മുഖേനയാണ് നടപ്പിലാക്കുന്നത്. ഈ പ്രവർത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>• <u>അമൃത് 1.0 </u>- കേരളത്തിലെ പ്രധാനപ്പെട്ട ഒൻപതു നഗരങ്ങളിൽ (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ , ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ) നടപ്പിലാക്കിയ പദ്ധതി ഏതാണ്ട് 93 % പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കേരള ജല അതോറിറ്റിക്ക് 1376.62 കോടി രൂപയുടെ 206 കുടിവെള്ള വിതരണ പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചത്. ഇതിൽ 189 കുടിവെള്ള വിതരണ പദ്ധതികൾ ഇതുവരെ പൂർത്തീകരിച്ചു. ബാക്കി 17 പ്രവർത്തികൾ പുരോഗമിക്കുന്നുണ്ട്. 2025 ഡിസംബറിലേക്ക് പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.<br>• <u>അമൃത് 2.0</u> - കേരളത്തിലെ 6 കോർപറേഷനുകളും 87 മുൻസിപ്പാലിറ്റികളും ഉൾപ്പെടെ 93 നഗരങ്ങളാണ് അമൃത് 2.0- ൽ ഉൾപ്പെട്ടിരിക്കുന്നത്. അമൃത് 2.0-ൽ കേരള ജല അതോറിറ്റിക്ക് 2125.579 കോടി രൂപയുടെ 217 കുടിവെള്ള വിതരണ പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. ഇവയിൽ 99 സബ് പ്രവർത്തികൾ ഇതുവരെ പൂർത്തീകരിക്കുകയും 178 സബ് പ്രവർത്തികൾ നടന്ന് വരുന്നുമുണ്ട്. ബാക്കിയുള്ള പ്രവർത്തികൾ TS, ടെൻഡറിങ്, അവാർഡിങ് തുടങ്ങിയ ഘട്ടത്തിലാണ്.<br><br>കൂടാതെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട രണ്ട് പദ്ധതികൾ (72.13 കോടി രൂപയുടെ ഭരണാനുമതി) |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ നഗരസഭ നേരിട്ടാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതികളും ഡിസംബറോടെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. നഗരസഭകൾ വഴി 74.055 കോടി രൂപയുടെ 31 ചെറുകിട കുടിവെള്ള പദ്ധതികൾക്ക് (8 നഗരസഭകൾക്ക്) MoHUA-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 51.553 കോടി രൂപയുടെ 24 പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇതുവരെയും പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്ത ഏതെങ്കിലും നഗരസഭയുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | കേരള വാട്ടർ അതോറിറ്റിക്കു അനുമതി ലഭിച്ച താഴെ പറയുന്ന 6 നഗരസഭകളിൽ പ്രവർത്തി ആരംഭിക്കാനുണ്ട്. |

| **നം.** | **നഗരസഭ** | **അനുവദിച്ച പ്രവർത്തി (എണ്ണം)** |
|---|---|---|
| 1 | കരുനാഗപ്പള്ളി | 1 |
| 2 | കൊട്ടാരക്കര | 4 |
| 3 | കോട്ടക്കൽ | 2 |
| 4 | മഞ്ചേരി | 1 |
| 5 | തിരൂർ | 1 |
| 6 | പാനൂർ | 1 |

സെക്ഷൻ ഓഫീസർ